പതിനാലാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 5787 25.5.2017 ലെ മറുപടിക്ക്

# കയർ വ്യവസായ മേഖലയിൽ ഗ്രാമീണ വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.മുരളി പെരുനെല്ലി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) കയർ മേഖലയുടെ വികസനത്തിനായി എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ; | എ) 50% കേന്ദ്രാവിഷ്കൃത പദ്ധതിയായ വിപണി വികസന ധനസഹായം പ്രകാരം പ്രതിവർഷം സംസ്ഥാനവിഹിതത്തിനു തുല്യമായ തുക കേന്ദ്രസഹായമായി അനുവദിച്ചിട്ടുണ്ട്. ഈ തുക വിപണി വികസനവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് വിനിയോഗിച്ചുവരുന്നു. മാറ്റ് & മാറ്റിംഗ്സ് സൊസൈറ്റികൾക്കും കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് ഇൻഡ്യ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്കും എംഡിഎ പദ്ധതി പ്രകാരം തുക അനുവദിച്ചു വരുന്നു. "കയർ കേരള" നടത്തുന്നതിനു വേണ്ടി മുൻകാലങ്ങളിൽ കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ട് |
| ബി) കയർ വ്യവസായ മേഖലയിൽ ഗ്രാമീണ വനിതകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ പ്രദാനം ചെയ്യുന്നതിനായി മഹിള കയർ യോജന നടപ്പിലാക്കിയിട്ടുണ്ടോ; | ബി) സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയിരുന്ന മഹിളാ കയർ യോജന പദ്ധതി ഇപ്പോൾ നിലവിലില്ല. എന്നാൽ കയർബോർഡിന്റെ കയർ ഉദ്യമി യോജന പദ്ധതി വഴി കയർപിരി പരിശീലനത്തിനും യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും കഴിയുന്നതാണ്. കൂടാതെ സംസ്ഥാന സർക്കാർ കയർപിരി പരിശീലനം, ഇലക്ട്രോണിക് റാട്ട്, എ.എസ്.എം എന്നിവയിൽ നൽകിവരുന്നുണ്ട് . |
| സി) ഈ പദ്ധതി പ്രകാരം ചകിരി ഉല്പാദന മേഖലയിലും അനുബന്ധ മേഖലകളിലും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; | സി) ബാധകമല്ല |
| ഡി)കയർ വ്യവസായ പുനരുദ്ധാരണം, നവീകരണം എന്നിവയിലൂടെ കയർ മേഖലയുടെ സുസ്ഥിര വികസനത്തിനായി കയർ ഉദ്യമി | ഡി) കയർ ഉദ്യമി യോജന കയർബോർഡിന്റെ പദ്ധതിയാണ്. കയർ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപവരെ മൂലധനമുള്ള യൂണിറ്റുകൾക്ക് 40% കയർബോർഡ് സബ്സിഡി ഈ പദ്ധതി പ്രകാരം ലഭിക്കുന്നു. 55% ബാങ്ക് വായ്പയും 5% ഉണഭോക്തൃ വിഹിതവുമാണ്. 2017 - 18 |

| | |
|---|---|
| യോജന നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര മൈക്രോ സ്മാൾ & മീഡിയം എൻറർപ്രൈസസ് മന്ത്രാലയം 10 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ വാർഷിക പദ്ധതിക്കായി കേരളത്തിന് 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെൻറ് നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് കയർ വകുപ്പിലെ കയർ പ്രോജക്ട് ഓഫീസർമാരുടെ സാന്നിദ്ധ്യത്തിലാണ്. ആയതിനുള്ള നടപടികൾ കയർ ബോർഡ് സ്വീകരിച്ചുവരുന്നു. |
| ഇ) സ്ത്രീകൾക്കും ഗ്രാമീണമേഖലയിലെ ദുർബല വിഭാഗങ്ങൾക്കും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഈ പദ്ധതി പ്രകാരം സാധ്യമാകുന്നുണ്ടോ; വിശദാംശം നൽകുമോ? | ഇ) കയർ മേഖലയിൽ പണിയെടുക്കുന്നവരിൽ 85% വനിതകൾ ആയതിനാൽ ഗ്രാമീണ മേഖലയിൽ സ്ത്രീകൾക്കും ദുർബലവിഭാഗക്കാർക്കും കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭിക്കുന്നതിന് കയർ ഉദ്യമി യോജന സഹായകരമാണ്. |

സെക്ഷൻ ഓഫീസർ